# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6727

04/04/2018-ൽ
മറുപടിയ്ക്ക്

## കോളേജുകളിൽ മലയാളം അധ്യാപക തസ്തികകൾ

**ചോദ്യം**

**മറുപടി**

ശ്രീ.പി.ടി.തോമസ് :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എത്ര മലയാളം അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ ആർട്സ് & സയൻസ് കോളേജിൽ ഒരു തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ മലയാളം അദ്ധ്യാപകരുടെ എത്ര തസ്തികകൾ പുതുതായി സൃഷ്ടിക്കാനുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 19 തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പാൾമാരിൽ നിന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്; വിശദാംശം താഴെ ചേർക്കുന്നു.<br>1. സർക്കാർ കോളേജ്, നെടുമങ്ങാട് - 1<br>2. സർക്കാർ കോളേജ്, മലയിൻകീഴ് - 1<br>3. സർക്കാർ കോളേജ്, മണിമലക്കുന്ന് - 2<br>4. സർക്കാർ കോളേജ്, ഒല്ലൂർ - 1<br>5. സർക്കാർ കോളേജ്, അട്ടപ്പാടി - 3<br>6. സർക്കാർ കോളേജ്, പത്തിരിപ്പാല - 3<br>7. സർക്കാർ കോളേജ്, തവനൂർ - 1<br>8. സർക്കാർ കോളേജ്, കൊടുവള്ളി - 1<br>9. സർക്കാർ കോളേജ്, നാദാപുരം - 1<br>10. സർക്കാർ കോളേജ്, കന്ദമംഗലം - 1<br>11. സർക്കാർ കോളേജ്, പെരിങ്ങോം - 1<br>12. സർക്കാർ കോളേജ്, കാസർഗോഡ് - 2<br>13. സർക്കാർ കോളേജ്, ഉദുമ - 1<br>**ആകെ - 19** |
| (സി) | കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ എത്തിയിട്ടുള്ള പ്രൊപ്പോസലുകളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (സി) | 13 സർക്കാർ ആർട്സ് & സയൻസ് കോളേജിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകളിൽ 6 കോളേജുകളിൽ നിന്നുള്ളവ സർക്കാർ പരിഗണനയ്ക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായും ബാക്കിയുള്ളവ കൂടി പരിശോധിച്ച് ഉടനടി സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോമൺ കോഴ്സ്/ സിംഗിൾ കോഴ്സ്/ സെക്കന്റ് ലാംഗ്വേജ് ആയി മാത്രം മലയാളം പഠിപ്പിക്കുന്ന കേരളത്തിലെ ഗവൺമെന്റ് കോളേജുകളിൽ 9 മുതൽ 15 വരെ മണിക്കൂറുകൾ ആഴ്ചയിൽ ജോലിഭാരമുള്ള തസ്തികകൾ സ്ഥിരം തസ്തികകളായി സൃഷ്ടിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | നിലവിൽ 16 മണിക്കൂർ ആഴ്ചയിൽ ജോലിഭാരമുള്ള വിഷയങ്ങൾക്കാണ് തസ്തികകൾ സൃഷ്ടിക്കുന്നത്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ ജോലിഭാരം തിട്ടപ്പെടുത്തി അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നല്കുന്നതിന് ഒരു വിദഗ്ധസമിതിയെ ചുമതലപ്പെടുത്തുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | മലയാള അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള എത്ര പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്; ഇത്തരം എത്ര പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പ് നിരസിച്ചിട്ടുണ്ടെന്നും നിരസിക്കാനുള്ള കാരണവും വിശദമാക്കാമോ? | (ഇ) | കരുനാഗപ്പള്ളി ആർട്സ് & സയൻസ് കോളേജ്, മലപ്പുറം സർക്കാർ വനിതാ കോളേജ്, വൈപ്പിൻ ഗവ.ആർട്സ് & സയൻസ് കോളേജ് എന്നീ മൂന്ന് കോളേജുകളിലെ മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിരസിച്ചിരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പ്രൊപ്പോസലുകൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ